# പരാജയപ്പെട്ട ബജറ്റ് നിർദേശങ്ങൾ

## ധനപ്രതിസന്ധി മറികടക്കാൻ ഇച്ഛാശക്തിയില്ല



ഡോ. ബി.എ. പ്രകാശ്

മാതൃഭൂമി 2017 ഫെബ്രുവരി 18.

സംസ്ഥാനസർക്കാർ രൂക്ഷമായ ധനപ്രതിസന്ധിയിലാണെന്നും സർക്കാരിൻെറ മുഴുവൻ റവന്യൂ വരുമാനവും കടംവാങ്ങിയ മുഴുവൻ തുകയും ചെലവഴിച്ചാലും ശമ്പളം, പെൻഷൻ, പലിശ, ഭരണച്ചെലവുകൾ, സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള ടീച്ചിങ് ഗ്രാൻറ് തുടങ്ങിയ നിത്യനിദാന ചെലവുകൾക്കുപോലും തികയാത്ത പരിതാപകരമായ അവസ്ഥയിലാണ് കഴിഞ്ഞ ബജറ്റ് അവതരിപ്പിച്ചതെന്ന് ധനമന്ത്രി പറഞ്ഞിരുന്നു. മുൻസർക്കാരിൻെറ നികുതിഭരണത്തിലെ കെടുകാര്യസ്ഥതയും അഴിമതിയും ചെലവുകൾ നിയന്ത്രിക്കുന്നതിലെ വീഴ്ചയുമാണ് പ്രതിസന്ധിയുടെ മൂലകാരണമായി ചൂണ്ടിക്കാണിച്ചത്. കെടുകാര്യസ്ഥതയും അഴിമതിയും ഒഴിവാക്കി നികുതിവരുമാനം വർധിപ്പിച്ചും രണ്ടുവർഷത്തേക്ക് പുതിയ സ്ഥാപനങ്ങളും തസ്തികകളും സൃഷ്ടിക്കുന്നത് മാറ്റിവെച്ചും റവന്യൂചെലവ് കുറച്ച് ധനപ്രതിസന്ധി കുറയ്ക്കാനാണ് ലക്ഷ്യമിട്ടത്. ഇതോടൊപ്പം നാണ്യവിളകളുടെ വിലത്തകർച്ച, റബ്ബർകൃഷിയുടെ തകർച്ച, ഗൾഫ് പ്രതിസന്ധി സൃഷ്ടിച്ച മടങ്ങിവരവ്, വിദേശപണവരവിലെ ഇടിവ് തുടങ്ങിയവ മൂലം സൃഷ്ടിക്കപ്പെട്ട രൂക്ഷസാമ്പത്തികമാന്ദ്യം പരിഹരിക്കാൻ 20,000 കോടിയുടെ രണ്ടാം മാന്ദ്യവിരുദ്ധപാക്കേജും പ്രഖ്യാപിച്ചു. കിഫ്ബി വഴി മൂലധനം സമാഹരിച്ച് ഒരു പ്രത്യേക നിക്ഷേപപദ്ധതി വഴി നടപ്പു സാമ്പത്തിക വർഷം 2500 കോടി രൂപയെങ്കിലും ചെലവാക്കാൻ ലക്ഷ്യമിട്ടു. ഈ ലക്ഷ്യങ്ങൾ നടപ്പാക്കാൻ കഴിഞ്ഞോയെന്നു പരിശോധിക്കേണ്ടതുണ്ട്.

ആദ്യമായി നികുതിവരുമാനം വർധിപ്പിക്കാൻ കഴിഞ്ഞോ എന്നുപരിശോധിക്കാം. വില്പനനികുതി, വാറ്റ് എന്നിവയിൽ നിന്നാണ് സംസ്ഥാനനികുതിയുടെ 78 ശതമാനവും ലഭിക്കുന്നത്. ജി.എസ്.ടി. നടപ്പാക്കുന്ന സാഹചര്യത്തിൽ ഈ നികുതിപിരിവ് മെച്ചമാക്കാനോ, വ്യാപാരികൾ നൽകുന്ന കണക്കുകൾ പരിശോധിക്കാനോ, ചെക്ക്പോസ്റ്റുകളിലെ പരിശോധന മെച്ചപ്പെടുത്താനോ, നികുതിഭരണം ഇ-ഗവേണൻസ് വഴി കാര്യക്ഷമമാക്കാനോ, കുടിശ്ശിക പിരിവ് കർശനമാക്കാനോ, അഴിമതി മാറ്റാനോ കാര്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. വാഹനനികുതിയൊഴിച്ച് മറ്റു നികുതി വരുമാനങ്ങളിലെ ഇടിവ് തുടരുന്നു. നികുതിയിതരവരുമാനത്തിൻെറ കാര്യത്തിലും സ്ഥിതിമെച്ചപ്പെട്ടിട്ടില്ല. പൊതുമേഖലാസ്ഥാപനങ്ങളിലെ ലാഭവിഹിതം, പലിശവരവ്, വനംവകുപ്പിൽ നിന്നുള്ള വരവ്, ആരോഗ്യവിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നുള്ള ഫീസുകൾ, മറ്റുഫീസുകൾ ഇവയുടെ വരവിൽ കാര്യമായ വർധനയുണ്ടായില്ല. സംസ്ഥാന ഭാഗ്യക്കുറി മാത്രമാണ് വരവിൽ വർധനയുണ്ടാക്കിയ ഇനം. നോട്ട് അസാധുവാക്കൽ സൃഷ്ടിച്ച സാമ്പത്തികമാന്ദ്യം, നികുതി, നികുതിയിതര ഇനങ്ങളുടെ വരവ് കുറയ്ക്കാൻ ഇടയാക്കിയിട്ടുണ്ട്. ചുരുക്കത്തിൽ നികുതിഭരണം കാര്യക്ഷമമാക്കുന്നതിനോ, അഴിമതി മാറ്റുന്നതിനോ, നിര

**നികുതിവരുമാനം വർധിപ്പിക്കാൻ കഴിഞ്ഞില്ല. കിഫ്ബിയിൽ കടപ്പത്രങ്ങൾ മാത്രം. അനാവശ്യ നിയമനങ്ങൾ തുടരുന്നു. ഈ സർക്കസ് എത്രകാലം തുടരും?**



സംസ്ഥാനസർക്കാരിന് കാര്യമായി കഴിഞ്ഞിട്ടില്ല. എന്നാൽ, കേന്ദ്രധനകാര്യകമ്മിഷൻെറ ശുപാർശയനുസരിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രനികുതി വിഹിതം, ഗ്രാൻറുകൾ, പ്ലാൻ ഗ്രാൻറ് തുടങ്ങിയ തുകയിൽ ഗണ്യമായ വർധനയുണ്ടായിട്ടുണ്ട്.

പുതിയ സ്ഥാപനങ്ങളും തസ്തികകളും സൃഷ്ടിക്കുന്നത് രണ്ടുവർഷത്തേക്ക് മാറ്റിവയ്ക്കുകയാണ് പ്രധാന ചെലവുചുരുക്കൽ നടപടി. ഏറ്റവും വലിയ ചെലവിനങ്ങളായ ശമ്പളം, പെൻഷൻ എന്നിവയിൽ നിയന്ത്രണം വേണ്ട എന്ന നിലപാടാണ് സ്വീകരിച്ചത്. എന്നാൽ, ബജറ്റിൻെറ ഭാഗമായി കാര്യമായ ഒരു ചെലവുചുരുക്കൽ നടപടിയും സ്വീകരിച്ചില്ല. 1980-കൾ മുതലുണ്ടായ ധനപ്രതിസന്ധി പരിശോധിച്ചാൽ അഞ്ചുവർഷത്തിലൊരിക്കൽ നടപ്പാക്കുന്ന ശമ്പള, പെൻഷൻ പരിഷ്കരണങ്ങളും വർഷത്തിൽ ശരാശരി നൽകുന്ന രണ്ടു ഡി.എ. വർധനയുമാണ് ധനപ്രതിസന്ധിയുടെ മൂലകാരണമെന്നു കാണാം. ഇതിൽ ഒരു മാറ്റവും വരുത്തിയില്ല. മറ്റ് പ്രധാനയിനങ്ങളായ സ്വകാര്യ, എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ടീച്ചിങ് ഗ്രാൻറ്, ബ്യൂറോക്രസിവികസനം എന്നിവ നിയന്ത്രിക്കാനും ഒരു നടപടിയും സ്വീകരിച്ചില്ല. അനാവശ്യമായ ഒട്ടേറെ പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുക, വകുപ്പുകളെ വിഭജിച്ച് പുതിയ വകുപ്പുകൾ തുടങ്ങുക, അധിക തസ്തികകൾ സൃഷ്ടിക്കുക, തസ്തികകളുടെ പേരുമാറ്റി കൂടുതൽ ശമ്പളം നൽകുക തുടങ്ങിയവ ബ്യൂറോക്രസി വികസനത്തിൻെറ ചില ഉദാഹരണങ്ങളാണ്. ഇ-ഗവേണൻസ് വഴിയും, സർക്കാർപ്രവർത്തനങ്ങൾ പലതും പുറംകരാർ നൽകിയും ചെലവ് ചുരുക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ല. പലരംഗത്തും നിലനിൽക്കുന്ന ധനധൂർത്ത് അവസാനിപ്പിക്കാനും ഒരു നടപടിയും ഇല്ല. ഉദാഹരണം ആഡംബരകാറുകളുടെ ഉപയോഗവും വാഹന ദുരുപയോഗവും. ചുരുക്കത്തിൽ ധനപ്രതിസന്ധിയുടെ അടിസ്ഥാനകാരണമായ പദ്ധതിയിതര റവന്യൂ ചെലവ് വെട്ടിക്കുറയ്ക്കുന്നതിൽ പരാജയപ്പെട്ടു.

ധനപ്രതിസന്ധിയുടെ സാഹചര്യത്തിൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡ് (കിഫ്ബി) എന്ന സ്ഥാപനം വഴി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടപത്രങ്ങൾ വഴിയും മറ്റും പണം സമാഹാരിക്കാനും ഇതുപ

സാമ്പത്തികമാന്ദ്യം പരിഹരിക്കാനുമാണ് ബജറ്റ് ലക്ഷ്യമിട്ടത്. നടപ്പു സാമ്പത്തികവർഷം 2500 കോടി രൂപയാണ് 33 പ്രോജക്ടുകളിൽ ചെലവഴിക്കാൻ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ, കിഫ്ബിയുടെ പ്രവർത്തനം കാര്യമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഇതുവരെ കിഫ്ബിക്ക് 1024 കോടി രൂപ മാത്രമേ കടപ്പത്രങ്ങൾ വഴി സ്വരൂപിക്കാൻ കഴിഞ്ഞിട്ടുള്ളൂ. എന്നാൽ, 4005 കോടി രൂപയുടെ പ്രോജക്ടുകൾ നടപ്പാക്കാനായിട്ടുള്ള ഒരു ഓർഡർ ധനവകുപ്പ് ഇറക്കിയിട്ടുണ്ട്. ഈ പ്രോജക്ടുകൾക്ക് പണം ലഭിക്കുമെന്ന് ഉറപ്പില്ലാത്തതിനാൽ ഇതെല്ലാം നടപ്പാക്കാൻ കഴിയാത്ത കടലാസ്പദ്ധതികളായി അവശേഷിക്കാനാണ് സാധ്യത. മാത്രവുമല്ല ബജറ്റിൽ പ്രഖ്യാപിച്ച 33 പ്രോജക്ടുകളിൽ ഭൂരിഭാഗവും തുടങ്ങാൻ ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇതിനുവേണ്ടി ഒരു രൂപ പോലും ഇതുവരെ ചെലവാക്കിയിട്ടില്ല.

ധനപ്രതിസന്ധി വാർഷിക പദ്ധതി നടത്തിപ്പിനെ വളരെ പ്രതികൂലമായി ബാധിച്ചു. 2017 ജനുവരി മധ്യമായപ്പോഴേക്കും മൊത്തം പദ്ധതിച്ചെലവിൻെറ 32 ശതമാനം മാത്രമേ ചെലവാക്കിയുള്ളൂ. പ്രാദേശികസർക്കാർ ചെലവാക്കിയത് 12 ശതമാനം. വൻകിട അടിസ്ഥാനഘടക പ്രോജക്ടുകൾക്ക് 2383 കോടി രൂപ വകയിരുത്തിയെങ്കിലും ഒരു രൂപപോലും ചെലവാക്കിയില്ല.

ഈ വിശകലനം ഉപസംഹരിക്കാം. ബജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ചുള്ള തനത് നികുതി, നികുതിയിതര വരുമാനങ്ങൾ വർധിപ്പിക്കാനോ, പദ്ധതിയിതര റവന്യൂചെലവ് ഗണ്യമായി കുറയ്ക്കാനോ, റവന്യൂകമ്മി കുറയ്ക്കാനോ, ധനപ്രതിസന്ധിയിൽ മാറ്റം ഉണ്ടാക്കാനോ കഴിഞ്ഞിട്ടില്ല. ശമ്പളം, പെൻഷൻ എന്നീ പ്രധാന ചെലവുകളിൽ വെട്ടിക്കുറവ് വരുത്താതെ ധനപ്രതിസന്ധി പരിഹരിക്കാം എന്ന ധനനയം പരാജയപ്പെട്ടു. സർക്കാരിൻെറ ധനസ്ഥിതി മെച്ചപ്പെടുത്തി വികസനത്തിന് പണം കണ്ടെത്തുന്നതിനുപകരം ബജറ്റിന് പുറത്ത് കിഫ്ബി വഴി പണം സ്വരൂപിക്കുക എന്ന നയമാണ് അനുവർത്തിച്ചത്. അതും പരാജയപ്പെട്ടു. മെച്ചമായ ധനസ്ഥിതി ഉണ്ടെങ്കിൽ മാത്രമേ കടംവാങ്ങി വികസനം നടത്താൻ കഴിയൂ. പാപ്പരായവർ കടം വാങ്ങിയാൽ വീടും കുടിയും നഷ്ടപ്പെട്ട് വഴിയാധാരമാകും. ധനസ്ഥിതി മെച്ചപ്പെടുത്താൻ കുറുക്കുവഴികളില്ല. കഠിനവും വേദനാജനകവുമായ നടപടികൾവഴിയേ ധനപ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയൂ.

*(അഞ്ചാം ധനകാര്യകമ്മിഷൻ*